**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **17-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ മുഖേന സ്ഥാപിച്ച ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനും നിലവിലുണ്ട്. പട്ടിക ഇതോടൊപ്പം ചേർക്കുന്നു |

| Fast Charging Station Installed at Malappuram Constituency | |
|---|---|
| 1 | 110 kV Substation, Malappuram |

| Pole Mounted Charging Stations Installed at Malappuram Constituency | | |
|---|---|---|
| Sl. No. | Landmark | Section |
| 1 | Near Super Market | Chattiparamba |
| 2 | Kizhakkethala | Malapuram West |
| 3 | Morayoor School Padi | Valluvambram |
| 4 | Aravanthra school Padi | Valluvambram |
| 5 | Near Anakayam Section | Anakayam |
| 6 | Near MSP Temple | Malappuram East |
| 7 | Near 110kV Substation Malappuram | Malappuram East |

| | | | |
|---|---|---|---|
| (ബി) | പുതിയ ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) | കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ നിർദേശങ്ങൾക്ക് അനുസൃതമായാണ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത്. ഇത് നിലവിൽ ലൈസൻസ് ആവശ്യമില്ലാത്ത പ്രവർത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷാ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചാർജിങ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്.<br><br>എന്നാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗനിർദ്ദേശപ്രകാരം പബ്ലിക് ഇ വി ചാർജിങ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന ഡി സി ഫാസ്റ്റ് ചാർജിങ് മെഷീനുകൾക്ക് NABL അക്രെഡിറ്റഡ് ലാബിൽ നിന്നുള്ള Type Test സർട്ടിഫിക്കറ്റ് ആവശ്യമാണ്. കൂടാതെ പബ്ലിക് ചാർജിങ് സ്റ്റേഷനുകൾക്ക് KSEB -ൽ നിന്ന് സർവീസ് കണക്ഷൻ ലഭിക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് 19-11-2021 ൽ ഇറക്കിയ circular പ്രകാരം ഉള്ള മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. |
| (സി) | ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ കൂടുതൽ കേന്ദ്രങ്ങളിൽ ചാർജിംഗ് പോയിന്റുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുതവാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെൻറ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെൻറ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെഎസ്ഇബിഎൽ സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിങ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് വൈദ്യുതവാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. തുടർന്ന് ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ നിയോജക മണ്ഡലങ്ങളിലുമായി, CAPEX അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹന-ങ്ങളുടെ ചാർജിങ്ങിനായി, ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ തയ്യാറാക്കിയിട്ടുണ്ട്, അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥല ലഭ്യത, ബഡ്ജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും, പ്രസ്തുത എംഎൽഎ യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബിഎൽ-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കും എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മലപ്പുറം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ ചാർജിങ് |

| | | | |
|---|---|---|---|
| | | | പോയിന്റ് ആരംഭിക്കുന്നതിനായി ഫണ്ട് ലഭ്യമായ സർക്കാർ വകുപ്പുകളോ സ്ഥാപനങ്ങളോ ബന്ധപ്പെട്ടാൽ അനെർട്ട് സാങ്കേതിക സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ